(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്ന നടപടി

4 [*88] ശ്രീ. മഞ്ഞളാംകുഴി അലി:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ദാരിദ്ര്യരേഖാലിസ്റ്റിൽ സംസ്ഥാനത്തെ മുഴുവൻ ദരിദ്ര കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ലിസ്റ്റിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യരേഖാലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത നിർദ്ദേശം സംസ്ഥാനത്തിന് ദോഷകരമാണോ; എങ്കിൽ ഇത് കണക്കിലെടുത്ത് ദാരിദ്ര്യരേഖാലിസ്റ്റിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

(ഇ) അർഹരായ എല്ലാ കുടുംബങ്ങളെയും ദാരിദ്ര്യരേഖാലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഇല്ല.

(ബി) നിലവിലുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ (ഒമ്പതാം പദ്ധതിക്കാലത്ത് ഗ്രാമവികസന വകുപ്പ് നടത്തിയ ദാരിദ്ര്യരേഖാ സെൻസസ് അനുസരിച്ചുള്ള ലിസ്റ്റ്) 17.23 ലക്ഷം കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) ഉണ്ട്. പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ദാരിദ്ര്യരേഖാ സെൻസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിൻമേലും 0,1,2,3,4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിൻമേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scrores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ ലിസ്റ്റ് മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിന് ചുവടെ ഒമ്പതാം പദ്ധതിക്കാലത്തേക്ക് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ മേൽ സൂചിപ്പിച്ച നിർദ്ദേശ പ്രകാരം തയ്യാറാക്കുന്ന പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിൽപ്പെടാതെ പോകുന്നതുമായ കുടുംബങ്ങളുടെ പട്ടികകൂടി ഈ കുടുംബങ്ങളുടെ സ്കോറിന്റെ ക്രമത്തിൽ പ്രസിദ്ധീകരിയ്ക്കേണ്ടതുമാണ്.

(ഡി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിലെ കുടുംബങ്ങളുടെ എണ്ണം ഇപ്പോഴുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിലുള്ള കുടുംബങ്ങളുടെ എണ്ണത്തിൽ നിന്നും കുറവായതിനാൽ സംസ്ഥാനത്തിന് ദോഷകരമാണ്. ഇക്കാര്യം തുടർച്ചയായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) ഇല്ല. എന്നാൽ പത്താം പദ്ധതിക്കാലത്തേക്ക് മേൽ സൂചിപ്പിച്ച നിർദ്ദേശ പ്രകാരം തയ്യാറാക്കുന്ന പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുന്ന, ഒമ്പതാം പദ്ധതിക്കാലത്തേക്ക് തയ്യാറാക്കിയ ദാരിദ്ര്യരേഖാ ലിസ്റ്റിൽപ്പെടുന്ന കുടുംബങ്ങളുടെ, പട്ടിക പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റിന്റെ ചുവടെ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly